**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1155** **29-08-2022 - ൽ മറുപടിയ്ക്ക്**

**ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പതിനഞ്ച് ബ്ലോക്ക് തല ക്ഷീര വികസന യൂണിറ്റുകളും ഒരു ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിൽ, സാങ്കേതിക വിഷയങ്ങളിൽ കൃത്യമായ അഭിപ്രായം രേഖപ്പെടുത്തുന്നതിനും ഉചിതമായ തീരുമാനമെടുക്കുന്നതിനുമായി ജില്ലാ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എം.എൽ.എ യുടെ കത്ത് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ജില്ലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്യപ്പെടാനുണ്ടായ സാഹചര്യമെന്താണ്; വ്യക്തമാക്കാമോ; | (ബി) | ജില്ലയിൽ നിന്നും ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്തിട്ടില്ല. |
| (സി) | സർക്കാരിലേക്ക് ഇത് സംബന്ധിച്ച പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ വകുപ്പ് തലത്തിൽ നിർദേശം നൽകുമോ? | (സി) | മലപ്പുറം ജില്ലയിൽ ടെക്നിക്കൽ അസിസ്റ്റന്റ്/ അസിസ്റ്റന്റ് ഡയറക്ടർ തസ്തിക നിലവിലില്ലാത്തതിനാൽ ക്ഷീരവികസന വകുപ്പിൽ നിന്നും പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദേശം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ